പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4038 21.10.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് എത്ര തവണ യഥാസമയം പെൻഷൻ വിതരണം ചെയ്യാൻ കഴിയാതിരുന്നിട്ടുണ്ട്; | (എ) | കെ.എസ്.ആർ.ടി.സിയിൽ പ്രതിമാസ പെൻഷൻ എല്ലാ മാസവും പതിനഞ്ചാം തീയതിക്കുള്ളിലാണ് വിതരണം ചെയ്തുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സെപ്തംബർ 2016ൽ മാത്രമാണ് ഇപ്രകാരം പെൻഷൻ വിതരണം നടത്തുവാൻ കഴിഞ്ഞത്. ബാക്കിയുള്ള 3 മാസങ്ങളിൽ (ജൂൺ, ജൂലൈ, ആഗസ്റ്റ്) യഥാസമയം വിതരണം നടത്തുവാനായിട്ടില്ല. പെൻഷൻ വിതരണ തീയതികൾ ചുവടെ ചേർക്കുന്നു.<br>ജൂൺ - 16.06.2016<br>ജൂലൈ - 21.07.2016<br>ആഗസ്റ്റ് - 23.08.2016<br>സെപ്തംബർ - 09.09.2016 |
| (ബി) | അടിക്കടി പെൻഷൻ വിതരണം മുടങ്ങുന്നത് മൂലം ഇവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ എന്തു കൊണ്ടാണ് ഈ സാഹചര്യം ഒഴിവാക്കുന്നതിന് മുൻകൂർ നടപടി സ്വീകരിക്കാത്തതെന്ന് അറിയിക്കുമോ? | (ബി) | ഗൗരവമായി കാണുന്നുണ്ട്.<br>നിലവിൽ കെ.എസ്.ആർ.ടി.സിയുടെ വരുമാനവും ചെലവും തമ്മിൽ അന്തരമുണ്ട്. ഇത് പെൻഷൻ കൃത്യമായി നൽകുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. എങ്കിലും ഓരോ മാസവും വേണ്ടിവരുന്ന തുകയുടെ പകുതി സർക്കാരിൽ നിന്നും ലഭ്യമാക്കിക്കൊണ്ട് അതാത് മാസം തന്നെ പെൻഷൻ നൽകാൻ കഴിയുന്നുണ്ട്. ഈ താമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ